**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **07-02-2023 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളുകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ബാക്ക്-ലോഗ് നികത്തേണ്ടത് 18.11.2018 മുതൽ ഉണ്ടാവുന്ന ഒഴിവുകളിലാണെന്നിരിക്കെ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ 18.11.2018-ന് മുമ്പ് സ്ഥിരം നിയമനം നേടുകയും അപ്രകാരം നിയമനം നേടി ദിവസവേതന അടിസ്ഥാനത്തിൽ തുടരവേ സ്കൂളിൽ മതിയായ എണ്ണം കുട്ടികളുണ്ടായി മാറുമ്പോഴും നിയമപ്രകാരം അവർക്ക് അർഹതപ്പെട്ട ശമ്പള സ്കെയിലുള്ള അംഗീകാരം പല വിദ്യാഭ്യാസ ഓഫീസർമാരും നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽ വരാത്ത ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (ബി) | മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ നിലവിലുള്ള നിയമപ്രകാരം റെഗുലർ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക്, 18.11.2018 ന് ശേഷം പ്രസ്തുത സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂൾ ആയി മാറുന്ന സാഹചര്യത്തിൽ, ശമ്പള സ്കെയിൽ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നത് ഭിന്നശേഷി സംവരണ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ